**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ്- സൈനിക സേവനത്തിനിടെ കിഴക്കൻ ലഡാക്കിൽ വച്ച് മരണപ്പെട്ട നായിക്.അഭിലാഷ് കുമാർ.എസ്-ന്റെ ഭാര്യ ശ്രീമതി.രഞ്ജിനി.ആർ -ന് പൊതുവിദ്യാഭ്യാസ വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.01/2023/സൈ.ക്ഷേ.വ തീയതി, തിരുവനന്തപുരം : 05/01/2023**

---

പരാമർശം:– 1. 29.04.2002 ലെ സ.ഉ (പി)110/2002/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ്.

2. 27.09.2022 ലെ സ.ഉ(കൈ)നം.41/2022/സൈ.ക്ഷേ.വ നമ്പർ സർക്കാർ ഉത്തരവ്.

3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07.12.2022 ലെ സി.3/10148/2022/ഡി.ജി.ഇ. നമ്പർ കത്ത്.

## ഉത്തരവ്

സൈനിക സേവനത്തിലിരിക്കെ കിഴക്കൻ ലഡാക്കിൽ വച്ച് ഓപ്പറേഷൻ സ്നോലെപേർഡ് ദൗത്യത്തിനിടെ വാഹനാപകടത്തിൽ മരണപ്പെട്ട നായിക് അഭിലാഷ് കുമാർ.എസ്. ന്റെ ഭാര്യ ശ്രീമതി.രഞ്ജിനി ആർ – ന് പരാമർശം 1 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ തൊഴിൽ സഹായം നൽകുന്നതിന് അനുമതി നൽകി പരാമർശം 2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൊല്ലം ജില്ലയിൽ ക്ലാർക്കിന്റെ ഒഴിവ് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് നിയമന ഉത്തരവ് നൽകുന്നതാണെന്നും പരാമർശം 2 ൽ ഉത്തരവായിരുന്നു.

**2.** സൈനിക സേവനത്തിനിടെ മരണപ്പെട്ടയാളുടെ ആശ്രിതയ്ക്ക് നിയമനം നൽകുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ ഒരൊഴിവ് ലഭ്യമാണെന്ന് പരാമർശം 3 കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**3.** ഈ സാഹചര്യത്തിൽ സൈനിക സേവനത്തിനിടെ 28.3.2021 ന് കിഴക്കൻ ലഡാക്കിൽ വച്ച് മരണപ്പെട്ട കൊല്ലം ജില്ലയിൽ കൊട്ടാരക്കര താലൂക്കിൽ കുളക്കട വില്ലേജിൽ മാവടി(പി.ഒ), മടത്തിനാപ്പുഴ അഭിലാഷ് ഭവനിൽ നായിക്.അഭിലാഷ് കുമാർ എസ്. ന്റെ ഭാര്യ ശ്രീമതി.രഞ്ജിനി ആർ – ന് പരാമർശം 1 ഉത്തരവിലെ

വ്യവസ്ഥകൾ പ്രകാരം, പൊതുവിദ്യാഭ്യാസ വകുപ്പിൽ കൊല്ലം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇപ്രകാരം നിയമനം നൽകി ടിയാരിയെ കൊല്ലം ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിക്കുന്നതിനുള്ള നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

**4.** പ്രസ്തുത നിയമനത്തിന് ചുവടെ ചേർക്കുന്ന നിബന്ധനകൾ ബാധകമായിരിക്കുന്നതാണ്.

1. ഒരിക്കൽ സ്വീകരിച്ച നിയമനം അന്തിമമായിരിക്കും. നിയമന മാറ്റം അനുവദിക്കുന്നതല്ല.

2. നേരിട്ട് നിയമനം നേടുന്ന ജീവനക്കാരെപ്പോലെ തന്നെ ഈ പദ്ധതി പ്രകാരം നിയമനം ലഭിച്ചവർക്കും സ്വഭാവ സർട്ടിഫിക്കറ്റും മറ്റ് ഔപചാരികതകളും ബാധകമാണ്.

3. ഈ പദ്ധതി പ്രകാരം നിയമനം ലഭിക്കുമ്പോൾ ഹാജരാക്കുന്ന യോഗ്യതകളോ, വസ്തുതകളോ പിന്നീട് തെറ്റാണെന്ന് തെളിഞ്ഞാൽ നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതായിരിക്കും.

4. അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകിയ വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിക്കേണ്ടതാണ്.

5. നിയമനം കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ആർ.താരാദേവി**
**അഡീഷണൽ സെക്രട്ടറി**

പകർപ്പ്-

1. ശ്രീമതി.രഞ്ജിനി. ആർ, അഭിലാഷ് ഭവൻ, മടത്തിനാപ്പുഴ, മാവടി.പി.ഒ, കുളക്കട, കൊട്ടാരക്കര, കൊല്ലം – 691 507 (രജിസ്റ്റേർഡ് തപാലിൽ അക്നോളജ്മെന്റ് സഹിതം).
2. പൊതുവിദ്യാഭ്യാസ ഡയറക്ടർ, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം. ( അപേക്ഷയും അനുബന്ധ രേഖകളും സഹിതം).

3. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
5. അക്കൗണ്ടന്റ് ജനറൽ(എ & ഇ), കേരള, തിരുവനന്തപുരം.
6. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി.
7. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ